ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനം ഉറപ്പാക്കാൻ പ്രതിജ്ഞയെടുക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു, ജനങ്ങൾക്ക് ദുർഗാ പൂജ ആശംസകൾ നേർന്ന് രാഷ്ട്രപതി

   **President Droupadi Murmu extended Durga Puja greetings to the people and called for a pledge to ensure that women receive their rightful place in society.**

2. ക്രോസ് ബോർഡർ റെയിൽ ലിങ്ക് പദ്ധതികൾ നടപ്പിലാക്കാൻ ഇന്ത്യയും ഭൂട്ടാനും തമ്മിൽ ധാരണയായി, പദ്ധതി ചെലവ് ഇന്ത്യ വഹിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

   **India and Bhutan have reached an agreement to implement cross-border rail link projects, with India bearing the project cost, according to Union Minister Ashwini Vaishnaw.**

3. രണ്ട് വർഷമായി തുടരുന്ന ഗാസ സംഘർഷം അവസാനിപ്പിക്കാനുള്ള സമാധാന പദ്ധതി പുറത്തിറക്കി അമേരിക്ക.

The United States has released a peace plan to end the two year old Gaza conflict

4. ജനങ്ങളുടെ ജീവിതക്ഷേമം ഉറപ്പാക്കുന്ന പൊതുവായ വികസനമാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ

The government's goal is inclusive development that ensures the welfare of the people, said Chief Minister Pinarayi Vijayan.

5. ഐ.സി.സി വനിതാ ഏകദിന ലോകകപ്പിന് ഇന്ന് തുടക്കമാകും. ആദ്യമൽസരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടും.

SThe ICC Women's One Day World Cup begins today. In the opening match, India will face Sri Lanka.

**PRESIDENT**

ജനങ്ങൾക്ക് ദുർഗാ പൂജ ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. സ്ത്രീകൾക്ക് സമൂഹത്തിൽ അർഹമായ സ്ഥാനവും ആദരവും ഉറപ്പാക്കാൻ പ്രതിജ്ഞയെടുക്കണമെന്ന് രാഷ്ട്രപതി ആശംസാ സന്ദേശത്തിൽ പറഞ്ഞു. സമത്വം, സഹിഷ്ണുത, സ്നേഹം എന്നിവയുടെ ചൈതന്യത്തെ പ്രോത്സാഹിപ്പിക്കുന്നതാണ് ദുർഗാ പൂജ ഉത്സവമെന്ന് രാഷ്ട്രപതി സന്ദേശത്തിൽ വ്യക്തമാക്കി.

## INDIA- BHUTAN - RAIL PROJECT(INTRO)

നാലായിരത്തി 33 കോടി രൂപ ചെലവിൽ രണ്ട് ക്രോസ് ബോർഡർ റെയിൽ ലിങ്ക് പദ്ധതികൾ നടപ്പിലാക്കാൻ ഇന്ത്യയും ഭൂട്ടാനും തമ്മിൽ ധാരണയായി. 69 കിലോമീറ്റർ ദൂരത്തിൽ അസമിലെ കൊക്രജ്ഹർ നഗരത്തിൽ നിന്നും നേപ്പാളിലെ ഗെലെഫു നഗരത്തിലേക്കുള്ള റെയിൽ പാത 3,456 കോടി രൂപ ചെലവിലാണ് നിർമ്മിക്കുന്നത്. 20 കിലോമീറ്റർ നീളമുള്ള പശ്ചിമ ബംഗാളിലെ ബനാർഹട്ട് മുതൽ നേപ്പാളിലെ സാംത്സെ വരെയുള്ള റയിൽ പാത 577 കോടി രൂപ ചെലവിൽ നിർമ്മിക്കും. ഈ റെയിൽവേ പദ്ധതികളിലെ മുഴുവൻ ചെലവും ഇന്ത്യ വഹിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(VOICE)

## GOYAL- FTAs

യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷൻ രാജ്യങ്ങളായ ഐസ്‌ലാൻഡ്, ലിച്ചെൻസ്റ്റൈൻ, നോർവേ, സ്വിറ്റ്സർലൻഡ് എന്നിവയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ ഒക്ടോബർ 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. ഗ്രേറ്റർ നോയിഡയിൽ യുപി ഇന്റർനാഷണൽ ട്രേഡ് ഷോയുടെ സമാപന സമ്മേളനത്തിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസിത രാജ്യങ്ങൾ ഇന്ത്യയുമായി സ്വതന്ത്ര വ്യാപാര കരാറുകളിൽ ഒപ്പുവെക്കാൻ താൽപ്പര്യപ്പെടുന്നുണ്ടെന്നും യുഎഇ, ഓസ്ട്രേലിയ, യുകെ എന്നിവയുമായി ഇതിനകം തന്നെ അത്തരം കരാറുകൾ ഒപ്പുവച്ചിട്ടുണ്ടെന്നും ശ്രീ ഗോയൽ അറിയിച്ചു.

## TRUMP-NETHANYAHU

രണ്ട് വർഷമായി തുടരുന്ന ഗാസ സംഘർഷം അവസാനിപ്പിക്കാനുള്ള സമാധാന പദ്ധതി പുറത്തിറക്കി അമേരിക്ക. അമേരിക്കൻ പ്രസിഡൻറ് ഡൊണാൾഡ് ട്രംപും ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായുള്ള കൂടിക്കാഴ്ചയിലാണ് തീരുമാനം ഉണ്ടായത്. നിർദ്ദേശം ഇരുപക്ഷവും അംഗീകരിച്ചാൽ യുദ്ധം ഉടനടി അവസാനിക്കുമെന്ന് സമാധാന പദ്ധതി വ്യക്തമാക്കുന്നു. ഈ സമയത്ത്, വ്യോമാക്രമണവും പീരങ്കി ആക്രമണവും ഉൾപ്പെടെയുള്ള എല്ലാ സൈനിക നടപടികളും താൽക്കാലികമായി നിർത്തിവെക്കും. ഇസ്രയേൽ കരാർ അംഗീകരിച്ച് 72 മണിക്കൂറിനുള്ളിൽ ബന്ദികളെ വിട്ടയക്കും. 2023 ഒക്ടോബർ 7 ന് ശേഷം തടവിലാക്കപ്പെട്ട 1700 ഗാസക്കാരെയും 250 ജീവപര്യന്ത തടവുകാരെയും ഇസ്രായേൽ മോചിപ്പിക്കും. അമേരിക്കൻ പ്രസിഡൻറിൻറെ നേതൃത്വത്തിൽ ബോർഡ് ഓഫ് പീസ് എന്ന പേരിലുള്ള

നയതന്ത്രകമ്മറ്റി രൂപീകരിക്കുമെന്നും വൈറ്റ് ഹൗസ് പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ പറയുന്നു.

## GST REFORMS- TOYS

എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ ഗുണം ചെയ്യുന്ന പുത്തൻ തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ, രാജ്യത്തിന്റെ പരോക്ഷ നികുതി സമ്പ്രദായം ലളിതമാക്കുന്നതിനുള്ള നിർണായക ചുവടുവയ്പ്പാണ്. കളിപ്പാട്ടങ്ങളുടെയും കായിക വസ്തുക്കളുടെയും സൈക്കിളുകളുടേയും ജിടഎസ്ടി നിരക്ക് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് കുട്ടികൾക്കിടയിൽ ആരോഗ്യകരമായ വിനോദ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും താഴെത്തട്ടിൽ നിന്ന് കായിക പ്രതിഭകളെ വളർത്തിയെടുക്കാനും സഹായിക്കും. ജിഎസ്ടി നിരക്കിളവ് തദ്ദേശീയ കളിപ്പാട്ടങ്ങളുടെയും കായിക ഉപകരണങ്ങളുടെയും നിർമ്മാതാക്കൾക്ക് ആഭ്യന്തര, അന്താരാഷ്ട്ര വിപണികളിൽ മത്സരശേഷി നേടാൻ സഹായകരമാകുമെന്നാണ് വിലയിരുത്തൽ.

## RAJIV RANJAN - LIVESTOCK

രാജ്യത്തെ കന്നുകാലി വളർത്തൽ മേഖല സമീപ വർഷങ്ങളിൽ 12 ശതമാനത്തിലധികം സംയുക്ത വാർഷിക വളർച്ച രേഖപ്പെടുത്തിയിട്ടുണ്ടെന്ന് കേന്ദ്ര മൃഗസംരക്ഷണ

വകുപ്പ് മന്ത്രി രാജീവ് രഞ്ജൻ സിംഗ് പറഞ്ഞു. ഈ വളർച്ച കാർഷിക മൊത്ത മൂല്യവർദ്ധനവിന് 31 ശതമാനവും ദേശീയ സമ്പദ്‌വ്യവസ്ഥയ്ക്ക് അഞ്ച് ശതമാനത്തിലധികവും സംഭാവന നൽകുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇറ്റലിയിലെ റോമിൽ ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷനിൽ നടന്ന സുസ്ഥിര കന്നുകാലി പരിവർത്തനത്തെക്കുറിച്ചുള്ള രണ്ടാം ആഗോള സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു മന്ത്രി. ആഗോള പാൽ ഉൽപാദനത്തിൽ ഇന്ത്യ ഒന്നാം സ്ഥാനം നിലനിർത്തുന്നുവെന്നും 239 ദശലക്ഷം ടൺ വാർഷിക ഉൽപാദനത്തോടെ ലോക വിതരണത്തിന്റെ നാലിലൊന്ന് സംഭാവന ചെയ്യുന്നത് ഇന്ത്യയാണെന്നും ശ്രീ സിംഗ് പറഞ്ഞു.

## SEVA- EDUCATION (INTRO)

വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങളിലൂടെ രാജ്യത്തെ ഒരു വൈജ്ഞാനിക ശക്തിയാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് കേന്ദ്രസർക്കാർ നടത്തിവരുന്നത്. വിദ്യാഭ്യാസ രംഗത്തെ നവീകരണത്തിലൂടെ രാജ്യത്തെ യുവജനങ്ങളെ എങ്ങനെ ശാക്തീകരിക്കുന്നുവെന്നതിനെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

(ഹോൾഡ് - മ്യൂസിക്)

❁❁❁❁❁❁❁❁❁❁❁❁❁

**SEVA- EDUCATION (VOICE)**

കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടെ, സ്കൂളുകൾ മുതൽ സർവകലാശാലകൾ വരെയുള്ള വിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിൽ രാജ്യം വൻ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. IIT, IIM, AIIMS തുടങ്ങിയ സ്ഥാപനങ്ങൾ ഇതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. 21-ാം നൂറ്റാണ്ടിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കേന്ദ്രസർക്കാർ രാജ്യത്തിന്റെ വിദ്യാഭ്യാസ സമ്പ്രദായത്തെ ആധുനികവൽക്കരിക്കുകയാണെന്നാണ് വിദ്യാഭ്യാസ പരിഷ്കരണങ്ങളെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടത്.

*(ഹോൾഡ് പിഎം വോയിസ്)*

NIPUN ഭാരത് മിഷൻ, PM SHRI പദ്ധതി, ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് തുടങ്ങിയ സംരംഭങ്ങളിലൂടെ യുവജനങ്ങളെ ശക്തവും വികസിതവുമായ ഒരു രാഷ്ട്രത്തിനായുള്ള ഒരു പ്രേരകശക്തിയാക്കി മാറ്റുകയാണ് കേന്ദ്രസർക്കാർ. *(മ്യൂസിക്)*

❁❁❁❁❁❁❁❁❁❁❁❁❁

**CM-KERALA**

ജനങ്ങളുടെ ജീവിതക്ഷേമം ഉറപ്പാക്കുന്ന പൊതുവായ വികസനമാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 'മുഖ്യമന്ത്രി എന്നോടൊപ്പം' (CM with ME)

സിറ്റിസൺ കണക്ട് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുജനങ്ങളും സർക്കാരും തമ്മിൽ ആശയവിനിമയ രംഗത്തു വിടവെന്തെങ്കിലും ഉണ്ടെങ്കിൽ അതു തീർക്കാനാണ് **മുഖ്യമന്ത്രി എന്നോടൊപ്പം** എന്ന സംവിധാനം. സംവിധാനത്തിലേക്ക് പരാതി അറിയിച്ചാൽ അതിന്മേൽ എടുത്ത നടപടി 48 മണിക്കൂറിനകം തിരികെ വിളിച്ച് അറിയിക്കും എന്നതാണ് പദ്ധതിയുടെ പ്രത്യേകതയെന്ന് മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## MAHA SAPTAMI

നവരാത്രിയോടനുബന്ധിച്ച് സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. പറവൂർ ദക്ഷിണ മൂകാംബിക ക്ഷേത്രത്തിൽ നൂറ് കണക്കിന് ഭക്തർ ആയുധങ്ങളും പുസ്തകങ്ങളും പൂജയ്ക്ക് വച്ചു.അറിവിന്റെ ദേവതയായ സരസ്വതീ ദേവിക്ക് മുന്നിൽ ഇന്നലെ വൈകിട്ട് പൂജ വെച്ച ഗ്രന്ഥങ്ങളും പഠനോപകരണങ്ങളും നാളെ മഹാനവമിയ്ക്ക് ശേഷം വ്യാഴാഴ്ച വിജയദശമി നാളിൽ പൂജയെടുക്കും. ഇന്ന് സംസ്ഥാനത്ത് പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്

❁❁❁❁❁❁❁❁❁❁❁❁❁

## ICC Womens CRICKET

ഐ.സി.സിയുടെ വനിതാ ഏകദിന ലോകകപ്പിന് ഇന്ന് തുടക്കമാകും.ആദ്യമൽസരത്തിൽ ഇന്ത്യ ശ്രീലങ്കയെ നേരിടും.ഗുവാഹത്തിയിലെ ബർസപാര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകുന്നേരം മൂന്ന് മണിക്കാണ് മൽസരം . എട്ട് ടീമുകളാണ് മൽസരരംഗത്തുള്ളത്. ഇന്ത്യയുടെ അടുത്ത മത്സരം ഒക്ടോബർ അഞ്ചിന് പാകിസ്ഥാനെതിരെയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET

ഇംഗ്ലണ്ട് ക്രിക്കറ്റ് താരം ക്രിസ് വോക്ക്സ് അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിച്ചു.വിരമിക്കാനുള്ള ശരിയായ സമയം ഇതാണെന്ന് വോക്സ് സമൂഹമാധ്യമത്തിൽ വ്യക്തമാക്കി.ഇംഗ്ളണ്ടിനായി 396 വിക്കറ്റുകളും 3705 റൺസും നേടിയിട്ടുണ്ട്.2019 ലെ ഏകദിനവേൾഡ് കപ്പ് നേടിയ ടീമിൽ അംഗമായിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## SWACHHATA HI SEVA

മഹാത്മാഗാന്ധിയുടെ ജന്മവാർഷികത്തോടനുബന്ധിച്ച് ഒക്ടോബർ രണ്ടിന് നടക്കുന്ന സ്വച്ഛ് ഭാരത് ദിവസത്തിന് മുന്നോടിയായി സ്വച്ച് ഭാരത് മിഷൻറെ പതിനൊന്നാം വാർഷിക ആഘോഷ പരിപാടികൾ രാജ്യത്ത് പുരോഗമിക്കുന്നു.ഭവന നഗരകാര്യ മന്ത്രാലയവും ജലശക്തി മന്ത്രാലയത്തിലെ കുടിവെള്ള ശുചിത്വ

വിഭാഗവും ചേർന്നാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്. ശുചിത്വസുന്ദരമായ ഭാരതം എന്ന ലക്ഷ്യത്തിലൂന്നിയാണ് 2025 ലെ സ്വച്ഛോൽസവ് നടക്കുന്നത്.

## TRANSLATION DAY

ഇന്ന് അന്താരാഷ്ട്ര വിവർത്തന ദിനം .ലോകസമാധാനവും സുരക്ഷയും ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി പ്രവർത്തിക്കുന്ന ഭാഷ വിദഗ്ധൻമാർക്ക് ആദരം അർപ്പിക്കുന്ന ദിനം കൂടിയാണിത്.2017 മുതലാണ് ഐക്യരാഷ്ട്രസഭ വിവർത്തനദിനം ആചരിക്കുന്നത്.വിവർത്തകരുടെ രക്ഷാധികാരിയായി കണക്കാക്കുന്ന ബൈബിൾ വിവർത്തകൻ സെൻറ് ജെറോമിൻറെ തിരുനാൾ ദിനം കൂടിയാണിന്ന്.

## AMEOBIC

കോഴിക്കോട് രണ്ട് പേർക്ക് കൂടി അമീബിക് മസ്തിഷ്ക ജ്വര രോഗലക്ഷണങ്ങളോടെ മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മലപ്പുറം സ്വദേശിയായ 78കാരനും കോഴിക്കോട് സ്വദേശിയായ ആറ് വയസ്സുള്ള കുട്ടിക്കുമാണ് രോഗം റിപ്പോർട്ട് ചെയ്തത്. കുട്ടിയുടെ ആരോഗ്യ നില തൃപ്തികരമാണ്.

## VAISHNAW – ELECTRONICS

വരും വർഷങ്ങളിൽ ഇലക്ട്രോണിക്സ് നിർമ്മാണരംഗം രാജ്യത്തെ പ്രധാന തൊഴിൽമേഖലകളിൽ ഒന്നായി മാറുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്. ദിനംപ്രതി ചെറുകിട, ഇടത്തരം സംരംഭങ്ങൾ ഉയർന്നുവരുന്നതിലൂടെ രാജ്യത്തെ ഇലക്ട്രോണിക്സ് നിർമ്മാണ മേഖല അഭിവൃദ്ധി പ്രാപിക്കുകയാണെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. നിർമാണമേഖലയിൽ ഉത്പന്ന നിർമാണത്തിനുള്ള പുതിയ രീതികൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.